കീളിമാനൂർ പഞ്ചായത്തിൽ വിതരണം ചെയ്ത താൽക്കാലിക കാർഡുകൾ

576. [782] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്ന് ഇക്കഴിഞ്ഞ ഒരു വർഷത്തിനകം എത്ര താൽക്കാലിക റേഷൻകാർഡുകൾ കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ കിളിമാനൂർ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ബി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് (ഹരിജനങ്ങൾ) എത്ര ;

(സി) താൽക്കാലിക കാർഡുകൾ വിതരണം ചെയ്തതിൽ എത്ര പേർക്ക് സ്ഥിരമായ കാർഡ് വിതരണം നടത്തിയിട്ടുണ്ട് ;

(ഡി) താൽക്കാലിക കാർഡുകൾ നൽകിയിട്ടുള്ളവർക്ക് സ്ഥിരമായ കാർഡുകൾ നൽകാൻ ഇതിനകം എന്തൊക്കെ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇനിയും കാർഡിനുവേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കപ്പെടാതെ കിടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(എഫ്) അവർക്കുകൂടി കാർഡ് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 375 എണ്ണം

(ബി) കാർഡിനുവേണ്ടി സമർപ്പിക്കപ്പെട്ട അപേക്ഷാഫാറത്തിൽ ജാതി പ്രത്യേകം ചോദിച്ചിട്ടില്ലാത്തതിനാൽ ജാതി തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(സി), (ഡി) എല്ലാ താൽക്കാലിക കാർഡുകളും സ്ഥിരം കാർഡാക്കി മാറ്റിക്കൊടുത്തിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

മുദാക്കൽ പഞ്ചായത്തിൽ വിതരണം ചെയ്ത താൽക്കാലിക കാർഡുകൾ

577. [783] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷേമവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ മുദാക്കൽ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുള്ള താൽക്കാലിക റേഷൻ കാർഡുകൾ എത്ര ;

(ബി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തതെത്ര ;

(സി) താൽക്കാലിക കാർഡുകൾ വിതരണം ചെയ്തതിൽ എത്ര പേർക്ക് സ്ഥിരമായ കാർഡ് വിതരണം നടത്തിയിട്ടുണ്ട്.

(ഡി) താൽക്കാലിക കാർഡുകൾ നൽകിയിട്ടുള്ളവർക്ക് സ്ഥിരമായ കാർഡുകൾ നൽകാൻ ഇതിനകം എന്തൊക്കെ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly